ചമയം

പട്ടണം റഷീദ്

രംഗകലകളിൽ അഭിനേതാവിനെ
കഥാപാത്രമാക്കുന്നതിൽ
ചമയത്തിന്റെ പങ്കുവലുതാണ്.
അനുഷ്ഠാനകലകളിലും
സിനിമ-നാടക കലകളിലുമെല്ലാം
ചമയവിദ്യയും ചമയക്കാരനും ഒഴിവാക്കാൻ
പറ്റാത്തതാണ്. ചമയത്തിന്റെ ചരിത്രം,
ചമയ വസ്തുക്കൾ, ചമയരീതികൾ
തുടങ്ങിയവ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.
സിനിമ-നാടക മേഖലകളിൽ പതിറ്റാണ്ടുകൾ
ചമയവിദഗ്ധനായി പ്രവർത്തിച്ച പരിചയം
ചമയരീതികളെ സമഗ്രമായി അവതരിപ്പിക്കാൻ
ഗ്രന്ഥകാരനെ പ്രാപ്തനാക്കുന്നുണ്ട്.

ISBN 978-93-91328-93-1
9 789391 328931

SIL/5109
വില: ₹ 1250

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ചമയം

പട്ടണം റഷീദ്

791.4302 RAS/C
2169
CASMTVK

ചമയം

പട്ടണം റഷീദ്



COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2169. Call No.

This book should be returned on or before the date last given below.

2164

Library TVK

791.4302 RAS/C
CASMTVK
2169

Malayalam
Chamayam
by
Pattanam Rasheed
First Published : November, 2021
Typeset at
Beyond Publishers, Law College Jn.
Thiruvananthapuram - 35
Printed at
Time Offset Press
Thiruvananthapuram
Published by
The State Institute of Languages, Kerala
Thiruvananthapuram - 695 003
© The State Institute of Languages, Kerala 2021
Copies : 1000

SIL/5109 ISBN 978-93-91328-93-1

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

Price: ₹ **1250/-** FT/3081

374

ചമയം

പട്ടണം റഷീദ്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

പട്ടണം റഷീദ്

അമ്പതുകളിലും അറുപതുകളിലും സംഗീതനാടക സംസ്കാരത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്ന വാദ്യ കലാകാരനായിരുന്ന, ദക്ഷിണേന്ത്യൻ സംഗീതത്തിൽ 'ഹസ്സൻ അണ്ണൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന പി.എം. ഹുസൈന്റെയും ജമീല ഹുസൈന്റെയും മക്കളിൽ ഇളയ മകനായി 1958 നവംബർ 16 ന് ജനിച്ചു. പിതാവിന്റെ പാത പിന്തുടർന്ന് എൺപതുകളിൽ സംഗീതനാടക രംഗത്തേക്ക് കടന്നുവന്നു. സംഗീത ക്ലബ്ബുകളും നാടകവുമായുള്ള ബന്ധം മേക്കപ്പിൽ എത്തിച്ചു.

മേക്കപ്പ് രംഗത്ത് മഹത്തരമായ 40 വർഷങ്ങൾ പൂർത്തീകരിച്ചു. സൂര്യകൃഷ്ണമൂർത്തി തീയേറ്റർ ഗ്രൂപ്പ്, പയ്യന്നൂർ നാടകസംഘം, പയ്യന്നൂർ കലിയുഗ തീയേറ്റർ, കാളിദാസ വിഷ്വൽ മാജിക്, സംഘമിത്ര, ഭാവന തീയേറ്റേഴ്സ്, കൊച്ചിൻ നാടകവേദി, കൊച്ചിൻ ദർശന തുടങ്ങിയ പ്രസിദ്ധമായ നാടക ഗ്രൂപ്പുകൾക്കൊപ്പം പ്രവർത്തിച്ചു. നാലു പതിറ്റാണ്ടായി മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി, ഇംഗ്ലീഷ്, അറബി, സംസ്കൃതം എന്നീ ഭാഷകളിലെ സിനിമകളിൽ ചമയക്കാരനായി. സംഗീത നാടക അക്കാദമിയുടെ നാഷണൽ ആൻഡ് സ്റ്റേറ്റ് മേക്കപ്പ് വർക്ക്ഷോപ്പ് ഡയറക്ടർ, അഡീഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം അംഗം, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഭരണസമിതിഅംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. പട്ടണം ഡിസൈനറി മേക്കപ്പ് അക്കാദമിയുടെ ചെയർമാനാണ്. കാലിക്കറ്റ് സർവകലാശാല ഡ്രാമ സ്കൂൾ, കാലടി യൂണിവേഴ്സിറ്റി, കെ ആർ നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ ഗസ്റ്റ് ഫാക്കൽറ്റി ആണ്.

നേട്ടങ്ങൾ: മേക്കപ്പിനുള്ള ആദ്യ ദേശീയ അവാർഡ് (2007), കേരള സംഗീത നാടക അക്കാദമി കലാശ്രീ അവാർഡ് (2012), സീനിയർ ഫെലോഷിപ്പ് സെൻട്രൽ മിനിസ്ട്രി ഓഫ് കൾച്ചർ (2013-14), സംസ്ഥാന ചലച്ചിത്ര അവാർഡ് (1992, 1997, 2002, 2005, 2007, 2010, 2013), തമിഴ്നാട് സംസ്ഥാന അവാർഡ് (2014), ഏഷ്യാനെറ്റ് ഫിലിം അവാർഡ് (2001, 2002), മാതൃഭൂമി അവാർഡ് (2012), അമൃത ടിവി അവാർഡ് (2006, 2008), ഫിലിം ക്രിട്ടിക്സ് അവാർഡ് (2002,2005), വിജയ് ടിവി അവാർഡ് (2014), ആനന്ദവികടൻ അവാർഡ് (2014), ബിഹൈൻഡ് വുഡ്സ് ഗോൾഡൻ അവാർഡ് (2014), ഫെഫ്ക്ക അവാർഡ് (2009), പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ അവാർഡ് (2012), നാന അവാർഡ്, വയലാർ അവാർഡ്.

വിലാസം:
പട്ടണം വീട്
വാഴക്കാല സൗത്ത്
കാക്കനാട് വെസ്റ്റ് പി ഒ
കൊച്ചിൻ - 682030

ജനറൽ എഡിറ്റർ : **പ്രൊഫ. വി. കാർത്തികേയൻ നായർ**
എഡിറ്റർ : **ജി.ബി. ഹരീന്ദ്രനാഥ്**
കവർ ഡിസൈൻ : **നാരായണ ഭട്ടതിരി**

General Editor : **Prof. V. Karthikeyan Nair**
Editor : **G.B. Harindranath**
Cover Design : **Narayana Bhattathiri**

കവർ വര : ഗോപിസംക്രമണം
പേജ് ലേഔട്ട് : എസ്. ശ്രീകുമാർ
പ്രൂഫ് : എം.ജെ. ഷേർളി

ആമുഖം

ഗുഹാവാസിയായ ആദിമ മനുഷ്യൻ ശത്രുവിൽനിന്ന് ഒളിക്കാനോ വേട്ടമൃഗങ്ങളെ കബളിപ്പിക്കാനോ വേണ്ടി കാടിനോടുചേർന്ന് പ്രച്ഛന്നവേഷം (Comouflage) ചെയ്യാനായി ശരീരത്തിൽ പുരട്ടിയ ഇലച്ചാറുകളോ കരിയോ ചെളിയോ മറ്റോ ആകാം ചമയം അഥവാ മേക്ക് അപ്പ് (Make up) എന്നതിന്റെ തുടക്കം. ചമയത്തിന്റെ തുടർച്ച അനുഷ്ഠാനകലകളിലൂടെയും രംഗകലകളിലൂടെയും മനുഷ്യരാശിയുടെ ചരിത്രത്തോടൊപ്പം സഞ്ചരിക്കുകയും ആ സഞ്ചാരം കൂടുതൽ ശക്തിയോടെ ഇന്നും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. അനുഷ്ഠാനകലകളിലും രംഗകലകളിലും മനുഷ്യൻ കഥാപാത്രമായിമാറാൻ (കഥാപാത്രം ചിലപ്പോൾ ദൈവമോ പൂജാരിയോ ഒക്കെയാകാം) ചമയം അവനെ സഹായിച്ചു. അഭിനയത്തോടൊപ്പം ചമയത്തിന്റെ ചാരുതയുംകൂടി ചേർന്നപ്പോൾ മനുഷ്യനിൽനിന്ന് കഥാപാത്രത്തിലേക്കുള്ള കൂടുമാറ്റം അഥവാ Transformation (രൂപാന്തരം) പൂർണമായി. ആദ്യകാലങ്ങളിൽ ഇലച്ചാറുകൾ, കരി, ചെളി, എല്ലുകൾ മറ്റു പ്രകൃതി വസ്തുക്കൾ എന്നിവ ചമയത്തിനുള്ള വസ്തുക്കളായി ഉപയോഗിച്ചിരുന്നു. ഏറ്റവും നന്നായി ചമയ്ക്കാൻ കഴിവുള്ളയാൾ ചമയക്കാരനുമായി. രംഗകലകൾ സാർവത്രികമായപ്പോൾ ചമയമേഖല കൂടുതൽ സജീവമായി. പ്രകൃതിജന്യവസ്തുക്കൾ മാത്രം പോരാതെ വന്നപ്പോൾ കൃത്രിമ പദാർത്ഥങ്ങൾ ഉപയോഗിച്ച് ചമയവസ്തുക്കൾ നിർമിച്ചു. ചലച്ചിത്രമേഖലയുടെ വളർച്ച ചമയമേഖലയ്ക്കു കുതിച്ചുചാട്ടം ഉണ്ടാക്കി. ചമയവസ്തുക്കളും ചമയവിദഗ്ധരുമെല്ലാം കൂടുതൽ കൂടുതൽ സാങ്കേതിക തികവുള്ളവരും പ്രൊഫഷണൽ വൈദഗ്ധ്യമുള്ളവരുമായി മാറി. ഇന്ന് ചമയം അഥവാ മേക്കപ്പ് എന്നത് ഒരു പ്രധാനപ്പെട്ട കലാശാഖയായി വളർന്നുവന്നിട്ടുണ്ട്. സാങ്കേതികവിദ്യയും കലാവൈദഗ്ധ്യവും ഒത്തുചേർന്ന ഒന്നായി ചമയമേഖല മാറിക്കഴിഞ്ഞു.

കേരളത്തിലെ അനുഷ്ഠാനകലകളിലും രംഗകലകളിലുമെല്ലാം ചമയത്തിന് വളരെ പ്രാധാന്യമുണ്ടായിരുന്നു. പടയണി, തെയ്യം, കൂടിയാട്ടം, കഥകളി തുടങ്ങി ചവിട്ടുനാടകങ്ങളിലും നാടകങ്ങളിലുമെല്ലാം ചമയം ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി മാറി.

ചലച്ചിത്രത്തിനു പ്രാധാന്യം ലഭിച്ചതോടെ ചമയവിദ്യ കൂടുതൽ സാങ്കേതികവും സമഗ്രവുമായി മാറി. നിരവധി പുതിയ ചമയവസ്തുക്കളും ചമയസാമഗ്രികളും ഇന്നീരംഗത്ത് ഉപയോഗിക്കുന്നുണ്ട് ലോകപ്രസിദ്ധരായ നിരവധി ചമയവിദഗ്ധർ ഇന്നു കേരളത്തിലുണ്ട്. സിനിമകളിലും മറ്റു കലാരൂപങ്ങളിലുമെല്ലാം നടൻ കഥാപാത്രമായി മാറുന്നതിന് ചമയ വിദഗ്ധരുടെ പങ്ക് അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞു. ചമയത്തിന്റെ സമഗ്രമായ ചരിത്രവും സാങ്കേതികവിദ്യയും സവിസ്തരം പ്രതിപാദിക്കുന്ന മലയാളത്തിലെ ആദ്യത്തെ സമഗ്രമായ ഗ്രന്ഥമാണ് ഇത്. ഇന്ത്യയിലെ പ്രസിദ്ധരായ ചമയവിദഗ്ധരിൽ പ്രമുഖനായ പട്ടണം റഷീദാണ് ഗ്രന്ഥകാരൻ. ഏഴുഭാഗങ്ങളായി ഒരുക്കിയിരിക്കുന്ന ഈ പുസ്തകം ചമയത്തിന്റെ വിവിധ വശങ്ങൾ സവിസ്തരം ചിത്രസഹിതം പ്രതിപാദിക്കുന്നു.

ഈ പുസ്തകം തുടങ്ങുന്നത് ചമയകലയുടെ ഉറവിടവും സങ്കൽപ്പനവും ചർച്ച ചെയ്തുകൊണ്ടാണ്. ചമയത്തിന്റെ തുടക്കവും വികാസവും അതിനു കാരണമാകുന്ന സാഹചര്യങ്ങളും

മാത്രം കൂടുതൽ പ്രാധാന്യം കൈവരിക്കുന്ന ഏതൊരാളെപ്പോലെയും അച്ഛന്റെ മരണം എന്നിൽ ആഘാതം സൃഷ്ടിച്ചു. ജീവിച്ചിരുന്നപ്പോൾ എത്രയോ വേദനകൾ ഞാൻ അദ്ദേഹത്തിന് കൊടുത്തു. എപ്പോഴൊക്കെയോ താന്തോന്നിയായി നടന്ന വേളയിൽ മനസ്സിൽ കൊണ്ടുനടന്ന അഹംഭാവമുള്ള മോഹങ്ങളിലൊന്നായി അച്ഛനെ പ്രതിയുള്ള എന്റെ മോഹങ്ങളും വിഫലങ്ങളായി തീർന്നു. എങ്കിലും മരണം നൽകുന്ന അനേകം തിരിച്ചറിവുകളിലൊന്നായി ഞാനും സത്യങ്ങൾ തിരിച്ചറിഞ്ഞു; ലഭിച്ച നേട്ടങ്ങളും അനുഗ്രഹങ്ങളും സമ്പാദ്യങ്ങളും എന്റേതല്ല അദ്ദേഹം ജീവിതയാത്രയിൽ ഉണ്ടാക്കിയെടുത്ത ബന്ധങ്ങളിൽ നിന്നും സൽപ്രവൃത്തികളിൽ നിന്നുമുള്ള അനുഗ്രഹങ്ങൾ മാത്രമായിരുന്നുവെന്ന്. എന്തിൽ നിന്നാണോ ഞാൻ സ്വതന്ത്രനാകാൻ ആഗ്രഹിച്ചിരുന്നത് അതിലേക്ക് കൂടുതൽ ആഴത്തിൽ ബന്ധിക്കപ്പെടുകയാണ് അച്ഛന്റെ മരണത്തിലൂടെ സംഭവിച്ചത്, ഞാൻ സ്വതന്ത്രനല്ലാതായിത്തീർന്നു. ജീവിച്ചിരുന്നപ്പോഴത്തേക്കാളേറെ അദ്ദേഹം ഈ ഭൂമിയിൽ ഇല്ലാതായപ്പോൾ എന്റെ സ്വാതന്ത്ര്യവും മരണപ്പെട്ടു. പിതാവിന്റെ സൽപ്പേര് സംരക്ഷിക്കേണ്ട പുത്രന്റെ ബാധ്യത ചുമലിലേറ്റുക എന്ന ഉത്തരവാദിത്വത്തിന്റെ വലിയ ഭാരം എന്റെ ചുമലിനെ കൂടുതൽ കരുത്തുള്ളതും വിനയമുള്ളതും ആക്കിത്തീർത്തു. അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകൾ സദാ എന്നെ പിന്തുടരുന്നത് സ്വപ്നങ്ങളായും, എവിടെയോ മുഴങ്ങുന്ന അശരീരികളായും ഞാനനുഭവിക്കുന്നു.

ഈ ബഹളങ്ങളും ആഘോഷങ്ങളും നിറവും ശബ്ദവും പ്രകാശവും സംഗീതവും സൗന്ദര്യവും ഇല്ലാതാകും, എന്നെങ്കിലും ലോകം എന്റേതല്ലാതായിത്തീരും, എങ്കിലും ജീവിച്ചുവെന്നതിന്റെ അടയാളങ്ങൾ ബാക്കി വയ്ക്കാൻ കഠിനമായി പ്രയത്നിക്കു, ജീവിതം ആകാശത്തോളം വിശാലവും ഭൂമിയെപ്പോലെ ആഴമേറിയതുമാണെന്ന് പ്രവൃത്തികൊണ്ട് തെളിയിക്കു, അതിനാൽ യാത്ര തുടരൂ, ഒരു നിമിഷംപോലും പാഴാക്കാതെ.... ഞാൻ നിന്നോടൊപ്പമുണ്ട് എന്നൊരു, അശരീരി എന്റെ പ്രയാണത്തിനും പ്രവൃത്തിക്കും കരുത്തേകുന്നു. ജീവിതയാത്രയിൽ തുണയായും, തൂണായും നിന്ന പിതാവിന്, ഗുരുതുല്യർക്ക്, വരാനിരിക്കുന്ന തലമുറയ്ക്ക് സമർപ്പിക്കുകയാണ് ....

സ്നേഹത്തിനു തുല്യമായ അറിവ് ....

പട്ടണം റഷീദ്

ഉള്ളടക്കം

1. പ്രാരംഭം 1
   - ഉറവിടവും സങ്കല്പവും
   - കലയും അനുഷ്ഠാനവും
   - ആഹാര്യം
2. തനതുകലകളിലെ ചമയരീതികൾ 37
   - മുടിയേറ്റ്
   - കളമെഴുത്ത്
   - തെയ്യം
   - പടയണി
   - ചവിട്ടുനാടകം
   - യക്ഷഗാനം
   - തെരുക്കൂത്ത്
   - കൂടിയാട്ടം
3. കഥാപാത്രത്തിന്റെ സഞ്ചാരപഥം 85
   - ഓച്ചിറവേലുക്കുട്ടി
4. ഹോളീവുഡിലെ മേക്കപ്പ് 103
   - മോഡേൺ മേക്കപ്പ്
   - നിഴലും വെളിച്ചവും
5. ചമയകലയിലെ ഗുരുവര്യന്മാർ 213
   - നെല്ലിമൂട് രാമകൃഷ്ണപിള്ള
   - കെ ആർ ശാസ്ത്രി
   - ദേവൻ ബാലൻ
   - മുത്തപ്പ

Library TVK
791.4302 RAS/C
CASMTVK
2169

- പിച്ചമണി
- നടരാജൻ
- പരിയാനംപറ്റ
- കലാനിലയം പരമേശ്വരൻ
- പി. പത്മനാഭൻ
- ഓച്ചിറ വേലുക്കുട്ടി ചാർളിചാപ്ലിനും
- പട്ടണം ഷാ

6. വെള്ളിത്തിരയിലെ വേഷപ്പകർച്ചകൾ 253

- ഡോക്യുമെന്ററി
- ചൂണ്ട
- പൊന്തൻമാട
- മങ്കമ്മ
- എ. കെ. ജി
- കുട്ടിസ്രാങ്ക്
- സ്വപാനം
- ഓള്
- പരദേശി
- അനന്തഭദ്രം
- ഗുരു
- യുഗപുരുഷൻ
- കുലം
- ഒളിമ്പ്യൻ അന്തോണി ആദം
- ഉടയോൻ
- കുഞ്ഞിക്കൂനൻ
- കല്യാണരാമൻ
- ആദാമിന്റെ മകൻ അബു
- പത്തേമാരി
- കണ്ണകി
- സെല്ലുലോയ്ഡ്
- ആകാശത്തിന്റെ നിറം
- അർദ്ധനാരി
- ആമി
- തകരച്ചെണ്ട
- നോട്ടം
- വേഷം
- ദേവരാഗം
- ചതിക്കാത്ത ചന്തു
- മദിരാശിപ്പട്ടണം
- കാവ്യതലൈവൻ
- കാഞ്ചീവരം
- ചാച്ചി ചാർ ചൗബീസ്
- ചാണക്യൻ
- ഫേറ്റ്സ് ഓഫ് ഡെസ്റ്റിനി

7. എന്റെ നാടകസിനിമാ അനുഭവങ്ങൾ 321

അദ്ധ്യായം ഒന്ന്

പ്രാരംഭം